**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2786** **14-09-2023 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറ എസ്റ്റിമേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതി പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഡി.എസ്.ആർ. റേറ്റ് അനുസരിച്ചാണോ എന്ന് വിശദമാക്കുമോ; | (എ) | **എസ്റ്റിമേറ്റ് ഡി.എസ്.ആർ. റേറ്റ് അനുസരിച്ചല്ല തയ്യാറാക്കിയത്. ഈ പദ്ധതിയുടെ പ്രധാന ഭാഗങ്ങളായ ട്രാഫിക് എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റം, കൺട്രോൾ റൂം മെയിൻ എക്വിപ്മെന്റ്സ് എന്നിവയ്ക്ക് ഡി.എസ്.ആർ. റേറ്റ് നിലവിലില്ല.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ മാർക്കറ്റ് നിരക്കുമായി താരതമ്യം ചെയ്തിരുന്നോ; വിശദമാക്കുമോ; | (ബി) | ഇന്ത്യയിലെ വിവിധ സ്മാർട്ട് സിറ്റി പ്രോജക്ടുകളിൽ ഉപയോഗിച്ച സമാന സ്വഭാവമുള്ള ക്യാമറ സിസ്റ്റങ്ങളുടെ നിരക്കുകൾ കെൽട്രോൺ താരതമ്യം ചെയ്തിരുന്നു. കെൽട്രോൺ സ്ഥാപിച്ചിട്ടുള്ള എ. ഐ ട്രാഫിക് എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റത്തിനും മറ്റ് എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റങ്ങൾക്കും നിർണയിച്ചിരിക്കുന്ന അടിസ്ഥാനവില സമാന സ്പെസിഫിക്കേഷനിൽ ഉള്ള ഇതര ഉപകരണങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണ്. |
| (സി) | എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് ബി.ഒ.ഒ.ടി. അല്ലെങ്കിൽ ആന്വിറ്റി ഇവയിൽ ഏത് മോഡലിന് അനുസൃതമായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | **ഈ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ കെൽട്രോൺ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ തന്നെ പദ്ധതിയുടെ പേമെന്റ് എന്നത്, പദ്ധതി നിർവ്വഹണത്തിനു ശേഷം 20 തുല്യ ത്രൈമാസ ഗഡുക്കളായിട്ടാണ് എന്ന കാര്യം വ്യക്തമാക്കിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ